പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1835 | 07.03.2018 ൽ മറുപടിയ്ക്ക് |
|---|---|

## ചെങ്ങന്നൂർ മണ്ഡലത്തിൽ മാതൃകാ അംഗൻവാടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ആർ. രാജേഷ്** | **ശ്രീമതി കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ചെങ്ങന്നൂർ മണ്ഡലത്തിൽ ചെറിയനാട് ഗ്രാമപഞ്ചായത്തിലെ 52-ാം നമ്പർ അംഗൻവാടിയെ മാതൃകാ അംഗൻവാടിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിലെ 52-ാം നമ്പർ അംഗൻവാടിയെ മാതൃകാ അംഗൻവാടിയാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് വിഹിതമായി 17 ലക്ഷം രൂപയും, ബന്ധപ്പെട്ട എം.എൽ.എ വിഹിതമായി 6.75 ലക്ഷം രൂപയും (ആകെ 23,75,000/-) വിനിയോഗിച്ച് ബന്ധപ്പെട്ട എം.എൽ.എയുടെ ശുപാർശ സഹിതം സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം ടി മാതൃക അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് പ്രവൃത്തി നിർവ്വഹണ ചുമതല നൽകിയിട്ടുണ്ട്. ടി മാതൃക അംഗൻവാടിക്കുവേണ്ടി പഞ്ചായത്ത് കണ്ടെത്തിയ സ്ഥലം ശിശുവിഹാറിനു വേണ്ടി പഞ്ചായത്ത് വിലയാധാരമായി വാങ്ങിയ വസ്തുവായിരുന്നു. ടി വസ്തുവിൽ ശിശുവിഹാറിന് കെട്ടിടം പണിയുന്നതിനായി പഞ്ചായത്ത് അടിത്തറ നിർമ്മിച്ചിട്ടുണ്ട്. മാതൃകാ അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി എഞ്ചിനീയർ സൈറ്റ് പരിശോധിച്ചപ്പോൾ ടി സ്ഥലത്ത് ശിശുവിഹാറിനായി നിർമ്മിച്ച ഉറപ്പുള്ള അടിത്തറ ഉണ്ടായിരുന്നതിനാൽ അത് പൊളിച്ചു മാറ്റാതെ തന്നെ അങ്കണവാടിയുടെ പ്ലാനിൽ നേരിയ വ്യതിയാനം വരുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറോട് അപേക്ഷിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്ക് തടസ്സങ്ങൾ ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | (ബി)&(സി) പ്ലാനിൽ മാറ്റം വരുത്തി അനുമതി ലഭിച്ചു കഴിഞ്ഞാൽ കെട്ടിടം പണി ആരംഭിക്കുന്നതാണ്. നിലവിൽ മറ്റ് തടസ്സങ്ങളൊന്നുമില്ല. |
| (സി) തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ